"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - വനം വന്യജീവി വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം - 01.01.2023 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം - 'സംവരണ സാധ്യത ഇല്ല' എന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്**

സ.ഉ.(കൈ) നം.168/2023/GAD തീയതി,തിരുവനന്തപുരം, 30-10-2023

---

പരാമർശം:-

1. 01.12.2022-ലെ സ.ഉ.(കൈ) നം.232/2022/GAD.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18.09.2023 തീയതിയിലെ ഇ5-1361/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം 2-ലെ റിപ്പോർട്ട് പ്രകാരം 01.01.2023 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തിയതിൽ വനം വന്യജീവി വകുപ്പിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പ്രാതിനിധ്യക്കുറവ് വന്നിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത വർഷം പ്രത്യേക നിയമനത്തിനായി സംവരണ സാധ്യത ഇല്ല എന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും, എന്നാൽ നാളിതുവരെ നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവയിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുവാൻ വേണ്ട നടപടികൾ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAJUDEEN P M

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,

ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട് , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

വനം വന്യജീവി (എഫ്) വകുപ്പ്

വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ് (പൊതുഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ

പ്രസിദ്ധീകരണത്തിന്)

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ- ബി/എ2 സീറ്റ് ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2326279)

ഉത്തരവിൻ പ്രകാരം
Signed by
Praveenkumar S
Date: 30-10-2023 15:51:10
സെക്ഷൻ ഓഫീസർ